5
ബുധൻ
2018 സപ്തംബർ
1194 ചിങ്ങം 20

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള ജനൽ ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 269 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

രാത്രി നടന്നുപോകുന്നവരെ ആക്രമിച്ച് കവർച്ച നടത്തുന്ന സംഘം പിടിയിൽ

കണ്ണൂർ: തീവണ്ടി ഇറങ്ങി റോഡിലൂടെ നടന്നുപോവുകയായിരുന്ന യുവാവിനെ ആക്രമിച്ച് മൂന്നര പവന്റെ സ്വർണ്ണാഭരണം കവർച്ച ചെയ്ത സംഘത്തിലെ നാലുപേരെ ടൗൺ സി.ഐ ടി. കെ. രത്നകുമാർ, എസ്.ഐ ശ്രീജിത്ത് കൊടേരി എന്നിവരുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തു. ഏച്ചൂർ ദാവത്ത് ഹൗസിൽ പി. സി. ദിൽഷാദ് (23), കാഞ്ഞിരോട് കാരക്കാട് ആനിയത്ത് ഹൗസിൽ ജുനൈസ് (29), കാഞ്ഞിരോട് ഹാജിമെട്ട കാർട്ടേഴ്സിൽ കെ. ഇർഷാദ് (25), കാഞ്ഞിരോടെ പി. കെ. അബ്ദുൾ നസീർ (34) എന്നിവരാണ് പിടിയിലായത്. ചാലാട് താമസിക്കുന്ന മെഡിക്കൽ റപ്രസന്റേറ്റീവ് കേളകം സ്വദേശി മഹേഷ് എം. നായരെ ആക്രമിച്ച് സ്വർണ്ണമാല തട്ടിയെടുത്ത കേസിലാണ് അറസ്റ്റ്.

കഴിഞ്ഞ 28നാണ് കേസിനാസ്പദമായ സംഭവം. രാത്രി കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ തീവണ്ടിയിറങ്ങി താമസ സ്ഥലത്തേക്ക് നടന്നുപോവുകയായിരുന്ന മഹേഷ് താളിക്കാവിലെത്തിയപ്പോൾ ഒരു കൗമാരക്കാരനുമായി സംസാരിച്ചിരുന്നു. സംസാരം കഴിഞ്ഞ് മുന്നോട്ട് നടക്കുമ്പോഴേക്കും ഒമിനി വാനിലെത്തിയ സംഘം തടഞ്ഞ് നിർത്തി അക്രമിക്കുകയായിരുന്നു. മഹേഷിനെ മർദിച്ച ശേഷം സ്വർണ്ണമാല പിടിച്ചുപറിച്ച് സംഘം വാനിൽ തന്നെ രക്ഷപ്പെട്ടു. സംഭവം നടന്നതിന് ശേഷം കുറച്ച് ദിവസം സംഘം കണ്ണൂരിൽ വന്നില്ല. പോലീസ് അന്വേഷിക്കുന്നുണ്ടാകുമെന്ന ധാരണയിൽ മാറി നിൽക്കുകയായിരുന്നു. എന്നാൽ ഇന്നലെ രാത്രി മഹേഷ് ഇതുവഴി പോകുമ്പോൾ ഈ സംഘത്തെ കണ്ടു. ഉടൻ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. ഇവർ ഉപയോഗിക്കുന്ന കെ.എൽ. 13 എം 5478 ഒമിനി വാനും പോലീസ് കസ്റ്റഡിയിലെടുത്തു. ഇത് അബ്ദുൾനസീറിന്റേതാണ്.

പോലീസ് പിടിയിലായ നസീർ, ജുനൈസ്, ഇർഷാദ്, ദിൽഷാദ്...

പിടിച്ചെടുത്ത ഓമ്നി വാൻ

സി.ഐക്കും എസ്.ഐക്കും പുറമെ എ. എസ്.ഐമാരായ രാജീവൻ, മഹിജൻ, ഷാഡോ പോലീസിലെ അജിത്ത്, സുഭാഷ്, മിഥുൻ, മഹേഷ്, സുജിത്ത് എന്നിവരും പ്രതികളെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു. കണ്ണൂരിൽ സമാനമായ രീതിയിൽ നിരവധി കവർച്ചകൾ ഇവർ നടത്തിയിട്ടുണ്ടെന്ന സംശയം ഉയർന്നിട്ടുണ്ട്. കണ്ണൂരിന്റെ വിവിധ ഭാഗങ്ങളിൽ രാത്രികാലങ്ങളിൽ തമ്പടിക്കുന്ന സ്ത്രീവേഷധാരികളായ യുവാക്കളുടെ സമീപം എത്തുന്ന ആൾക്കാരെ ആക്രമിച്ച് കവർച്ച നടത്തുന്ന സംഘവുമായി ഇവർക്ക് ബന്ധമുണ്ടോയെന്ന് പരിശോധിച്ചുവരികയാണ്.

ഒരാഴ്ചത്തെ ഏവിയേഷൻ പരിശീലനം വാഗ്ദാനം ചെയ്ത് പണം തട്ടിയ സ്ഥാപന ഉടമ പിടിയിൽ

കണ്ണൂർ: എയർപോർട്ടിൽ ജോലി ലഭിക്കുന്നതിന് എയർക്രാഫ്റ്റ്, ഏവിയേഷൻ എന്നീ കോഴ്സുകളിൽ ഒരാഴ്ചത്തെ പരിശീലനം വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്ത സ്ഥാപന ഉടമ പിടിയിൽ. കൊല്ലം തെക്കെവിള ബേബി നഗർ സൗമിനി ഹൗസിൽ വിശാഖ് ചന്ദ്രൻ (25) ആണ് പിടിയിലായത്. പന്നേൻപാറയിൽ ഇക്കുംപാസ് ഏവിയേഷൻ റിസേർച്ച് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ ചീഫ് എക്സി. ഓഫീസറാണ് വിശാഖ് ചന്ദ്രൻ. എയർപോർട്ടിൽ ജോലി ലഭിക്കുന്നതിന് എയർക്രാഫ്റ്റ്, ഏവിയേഷൻ എന്നീ കോഴ്സുകളിൽ ഒരാഴ്ചത്തെ പരിശീലനം വാഗ്ദാനം ചെയ്ത് 3500 രൂപയാണ് ഫീസായി ഇയാൾ വാങ്ങിക്കാറുള്ളത്. എന്നാൽ ഒരു ദിവസത്തെ പരിശീലനം നൽകി ഒഴിവാക്കുകയാണ് പതിവ്. കണ്ണൂരിന് പുറത്ത് തെക്കൻ ജില്ലകളിലാണ് പ്രധാനമായും പരസ്യം നൽകാറുള്ളത്. കോഴ്സ് എന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുകയാണത്രെ പതിവ്. കോഴിക്കോട് മേപ്പയൂർ സ്വദേശിനി സോണി നൽകിയ പരാതിയിലാണ് അറസ്റ്റ്. പന്നേൻപാറയിലെ ഇയാളുടെ സ്ഥാപനം റെയ്ഡ് ചെയ്ത് നിരവധി രേഖകൾ ടൗൺ പോലീസ് പിടിച്ചെടുത്തു.

പുസ്തകത്തിന്റെ ഒരു ഭാഗം മാത്രം വായിച്ച് വിലയിരുത്താൻ കഴിയില്ല

മീശ നോവൽ നിരോധിക്കണമെന്ന ഹരജി സുപ്രീംകോടതി തള്ളി

ഡൽഹി: എസ്.ഹരീഷിന്റെ മീശ നോവൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹരജി സുപ്രീംകോടതി തള്ളി. എഴുത്തുകാരന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിൽ കൈകടത്താനാവില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്റ്റിസ് ദീപക്മിശ്ര അധ്യക്ഷനായ മൂന്നംഗ ബെഞ്ച് ഹരജി തള്ളിയത്. ജസ്റ്റിസുമാരായ എ.എം.ഖൻവിൽക്കർ, ഡി.വൈ.ചന്ദ്രചൂഡ് എന്നിവരായിരുന്നു ബെഞ്ചിലെ മറ്റംഗങ്ങൾ. പുസ്തകത്തിന്റെ ഒരു ഭാഗം മാത്രം വായിച്ച് അതിനെ വിലയിരുത്താനാവില്ല. എഴുത്തുകാരന്റെ ഭാവനയെയും ചിന്താശേഷിയെയും ബഹുമാനിക്കേണ്ടതുണ്ട്. രണ്ട് കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളായിട്ടാണ് ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ നോവലിൽ ആവിഷ്കരിച്ചത്. അത് എഴുത്തുകാരന്റെ ഭാവന മാത്രമാണ്. അതിനെ ആ രീതിയിൽ കാണണം. *(ശേഷം നാലാം പേജിൽ)*

പെൺകെണി: പോലീസ് കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെട്ട റുവൈസ് തലശേരിയിലെത്തി മുങ്ങി

തലശേരി: പെൺകെണി കേസിൽ പിടിയിലായി കോഴിക്കോട് മെഡി. കോളേജാശുപത്രിയിൽ ചികിത്സയിൽ കഴിയവെ രക്ഷപ്പെട്ട കുറുമാത്തൂർ റഹ്മത്ത് വില്ലയിലെ കൊടിയിൽ റുവൈസ് തലശേരിയിലെത്തി മുങ്ങിയതായി പോലീസിന് വിവരം ലഭിച്ചു. മിനിഞ്ഞാന്ന് രാത്രി എട്ടുമണിയോടെയാണ് റുവൈസ് കാവൽക്കാരായ പോലീസുകാരെ വെട്ടിച്ച് കോഴിക്കോട് മെഡി. കോളേജിൽ നിന്ന് രക്ഷപ്പെട്ടത്. രക്ഷപ്പെട്ട ഇയാൾ മലപ്പുറം കൊണ്ടോട്ടിയിലെ ബന്ധുവീട്ടിലെത്തി 200 രൂപ വാങ്ങിച്ച ശേഷം നേരെ തലശേരിയിലേക്കാണ് വന്നത്. പെൺകെണി കേസിൽ റുവൈസിനൊപ്പം പിടിയിലായ അമൽദേവ് തലശേരിയിൽ എൻ.ടി.ടി.എഫിൽ പഠനം നടത്തുകയാണ്. ഇയാൾ താമസിക്കുന്ന മുറിയിലെത്തി പെൺകെണിക്ക് ഉപയോഗിച്ച ലാപ്ടോപ്പും ക്യാമറയും എടുത്ത് രക്ഷപ്പെടാനായിരുന്നു റുവൈസിന്റെ പരിപാടി. എന്നാൽ അതിന് മുന്നെ തന്നെ പോലീസ് ക്യാമറയും ലാപ്ടോപ്പും കസ്റ്റഡിയിലെടുത്തിരുന്നു. ഇക്കാര്യമറിയാതെയാണ് അമൽദേവ് താമസിക്കുന്ന വാടക മുറിയിൽ റുവൈസ് എത്തിയത്. അവിടെ റുവൈസിന്റെ ഏതാനും വസ്ത്രങ്ങളുണ്ടായിരുന്നു. അവ ഒരു ബാഗിലെടുത്ത് രക്ഷപ്പെടുകയായിരുന്നു. ഈ സമയം കാർട്ടേഴ്സിലെ വിദ്യാർത്ഥികളെല്ലാം എൻ.ടി.ടി.എഫിലേക്ക് പോയിരുന്നു. ഒരു വിദ്യാർത്ഥി മാത്രമാണ് അവിടെയുണ്ടായിരുന്നത്. അയാൾക്ക് പെൺകെണി സംഭവത്തെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരുന്നില്ല. അതിനാൽ റുവൈസ് മുറിയിൽ കയറി വസ്ത്രമെടുത്ത് പോകുന്നതിനെ തടഞ്ഞതുമില്ല. പിന്നീട് മറ്റ് വിദ്യാർത്ഥികളെത്തിയപ്പോഴാണ് പെൺകെണി കേസ് പ്രതിയാണ് മുറിയിലെത്തിയതെന്ന് മനസിലായത്. തുടർന്ന് പോലീസിൽ വിവരമറിയിച്ചു. പോലീസ് തലശേരി മുഴുവൻ പരിശോധന നടത്തിയെങ്കിലും റുവൈസിനെ കണ്ടെത്താനായില്ല.

ശശിക്കെതിരായ പരാതി ശരിയായ രീതിയിൽ കൈകാര്യം ചെയ്യുമെന്ന് വി.എസ്

പാലക്കാട്: പി.കെ. ശശി എം.എൽ.എക്കെതിരെ ഡി.വൈ.എഫ്.ഐ വനിതാ നേതാവ് നൽകിയ പരാതി പാർട്ടി ശരിയായ രീതിയിൽ കൈകാര്യം ചെയ്യുമെന്ന് വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. സ്വന്തം മണ്ഡലമായ മലമ്പുഴയിലെ പരിപാടികളിൽ സംബന്ധിക്കാനെത്തിയ അദ്ദേഹം മാധ്യമങ്ങളുടെ ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു.

പീഡനം: ഡി.വൈ.എഫ്.ഐ നേതാവിനെ സി.പി.എമ്മിൽ നിന്ന് പുറത്താക്കി

എം. എൽ. എയുടെ വീട്ടിലേക്ക് പ്രതിഷേധ മാർച്ചുകൾ

ജീവൻലാൽ

തൃശൂർ/പാലക്കാട്: എം. എൽ.എ ഹോസ്റ്റലിൽ വച്ച് പീഡിപ്പിക്കാൻ ശ്രമിച്ചെന്ന വനിതാ നേതാവിന്റെ പരാതിയിൽ ഡി. വൈ. എഫ്. ഐ ഇരിങ്ങാലക്കുട ബ്ലോക്ക് ജോയിന്റ് സെക്രട്ടറി ആർ. എൽ. ജീവൻലാലിനെ സി.പി. എമ്മിൽ നിന്ന് പുറത്താക്കി. സി.പി.എം സൗത്ത് ലോക്കൽ കമ്മിറ്റിയംഗമായ ഇയാളെ ഒരു വർഷത്തേക്കാണ് പാർട്ടി അംഗത്വത്തിൽ നിന്ന് നീക്കം ചെയ്തത്. എന്നാൽ നടപടിയെക്കുറിച്ച് ഔദ്യോഗിക വിശദീകരണം വന്നിട്ടില്ല. ഡി.വൈ. എഫ്. ഐയിൽ നിന്നും ഇയാളെ പുറത്താക്കിയതായി സൂചനയുണ്ട്.

മെഡിക്കൽ എൻട്രൻസ് കോച്ചിംഗിന് ചേരാൻ തിരുവനന്തപുരത്തേക്ക് പോവുകയായിരുന്ന യുവതിയോടൊപ്പം ജീവൻലാലും പോയിരുന്നു. കഴിഞ്ഞ ജൂലായ് 11നായിരുന്നു സംഭവം. തിരുവനന്തപുരത്ത് അരുണൻ എം.എൽ.എയുടെ ഹോസ്റ്റലിലാണ് യുവതിക്കൊപ്പം ജീവൻലാൽ എത്തിയത്. ഇവിടെ നിന്ന് കോച്ചിംഗ് സെന്ററിലേക്ക് ജീവൻലാൽ വിളിച്ചുപറഞ്ഞ് സീറ്റ് ശരിയാക്കുകയും ചെയ്തിരുന്നുവത്രെ. കോച്ചിംഗ് സെന്ററിൽ ചേർന്ന് തിരിച്ചു മടങ്ങുന്നതിന്റെ ഭാഗമായി എം.എൽ.എ ഹോസ്റ്റലിൽ ബാഗെടുക്കാൻ ചെന്ന യുവതിയെ ജീവൻലാൽ കയറി പിടിച്ചുവെന്നാണ് പരാതി. യുവതി പ്രകോപിതയായതോടെ ജീവൻലാൽ കരഞ്ഞ് ക്ഷമാപണം നടത്തിയത്രെ. എന്നാൽ വീട്ടിലെത്തി യുവതി അമ്മയോട് കാര്യം പറഞ്ഞു. പോലീസിൽ പരാതി നൽകാൻ തീരുമാനിച്ചപ്പോൾ ഡി. വൈ. എഫ്. ഐ കാട്ടൂർ മേഖല സെക്രട്ടറി വിളിച്ച് സംഭവം പുറത്തറിയിക്കരുതെന്നും പാർട്ടി തലത്തിൽ ശക്തമായ നടപടിയുണ്ടാകുമെന്നും ഉറപ്പ് നൽകിയത്രെ. നടപടിയൊന്നുമുണ്ടാകാത്ത സാഹചര്യത്തിലാണ് യുവതി പോലീസിൽ പരാതി നൽകിയത്. കാട്ടൂർ പോലീസ് ഇന്ന് യുവതിയുടെ മൊഴി രേഖപ്പെടുത്തി. എം.എൽ.എ ഹോസ്റ്റലിൽ വച്ചാണ് സംഭവം നടന്നത് എന്നതിനാൽ കേസ് തിരുവനന്തപുരത്തേക്ക് കൈമാറുമെന്നാണ് സൂചന. സംഭവം നടന്നത് എം.എൽ.എ ഹോസ്റ്റലിൽ വച്ചായതിനാൽ സംഭവം അതീവ ഗൗരവതരമാണെന്നാണ് പോലീസ് വൃത്തങ്ങൾ നൽകുന്ന സൂചന. അതിനിടെ ഡി.വൈ.എഫ്.ഐ പാലക്കാട് ജില്ലാ നേതാവായ യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന കേസിൽ ആരോപണവിധേയനായ ഷൊർണ്ണൂർ എം.എൽ.എ പി.കെ.ശശിയുടെ വസതിയിലേക്ക് യുവമോർച്ചയുടെയും യൂത്ത് ലീഗിന്റെയും പ്രതിഷേധ മാർച്ച് നടന്നു.

(ശേഷം നാലാം പേജിൽ)

ലൂർദ് ഹോസ്പിറ്റൽ
തളിപ്പറമ്പ
ഇ.എൻ.ടി. വിഭാഗം
ഡോ. അശ്വതി പി.ടി. MBBS, MS (ENT)
ഇ.എൻ.ടി. സർജൻ
എല്ലാവിധ അത്യാധുനിക സജ്ജീകരണങ്ങളോടുംകൂടിയ ഇ.എൻ.ടി. വിഭാഗത്തിൽ ചാർജ്ജെടുത്തിരിക്കുന്നു.
പരിശോധനാ സമയം:
എല്ലാ ദിവസവും 4 മണി മുതൽ 6 മണി വരെ
ഡോ. സച്ചിൻ എം.ആർ. MBBS, MS (ENT)
സീനിയർ കൺസൽട്ടന്റിന്റെ സേവനം ഇ.എൻ.ടി. വിഭാഗത്തിൽ എല്ലാ ദിവസവും 9 മണി മുതൽ 1 മണി വരെ ലഭ്യമാണ്.
വിവിധ മെഡിക്കൽ ഇൻഷുറൻസ് കമ്പനികളുടെ ക്യാഷ്ലെസ് ഫെസിലിറ്റി ലഭ്യമാണ്.
ടോക്കൺ ബുക്കിംഗിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക
ഫോൺ: 0460 2200160 - 164 (5 Line) 0460 2301100, 0460 2301110

സംസ്കാരം നാളെ (06-09-2018)

തോമസ് വെട്ടുകാട്ടിൽ
(തൊമ്മൻ ചേട്ടൻ-106)
താളിപ്പാറ, ഉദയഗിരി

ഞങ്ങളുടെ പ്രിയ പിതാവ് തോമസ് (106) അന്തരിച്ച വിവരം അറിയിക്കുന്നു. സംസ്കാരം നാളെ (06-09-2018- വ്യാഴം) രാവിലെ 10 മണിക്ക് ഉദയഗിരി സെന്റ് മേരീസ് പള്ളിയിൽ നടക്കുന്നതാണ്. ബന്ധുമിത്രാദികൾ ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന് സന്തപ്ത കുടുംബാംഗങ്ങൾ

TILE ZONE FORUM IS HIRING
Building Bond Beyond Business
Tile Zone, the biggest tile, sanitary & Building material showroom in Kerala requires the following staff for their upcoming biggest and exclusive 7th showroom Tile Zone Forum at Trichambaram, Taliparamba

Finance Manager- 1 No
M.Com, analytical, Detail- oriented, organizational, strong communication skills, excellent maths skills, retired bank managers can also apply

Store Supervisor - 1 Nos.
+2 and above, basic computer knowledge

Marketing Manager- 1 No
MBA and experience in the same industry. Goal-oriented, Flexible and creative knowledge of current marketing trends and multimedia platforms, Strong budgeting internet & computer skills

Graphic Designer - 1 Nos.
Photoshop, CADD, Audio and video editing Experience

Floor Manager- 4 Nos.
Skills in Retail Management, Marketing, Business Administration and Sales Management

Customer Care Executive (F)- 4 Nos.
Degree, Fluency in English with communication skills and pleasant to look

Team Leader - 5 Nos.
Proven Track Record as a team Leader or supervisor. Excellent communication and leadership skills. More than two years of Experience in the same industry

Receptionist (Female) 4 Nos.
Any degree, smart and pleasant looking female with positive and effective communication skills. The ability to manage multiple conversations is a must

Marketing Executive -5 Nos.
Vibrant youth with marketing skills and knowledge required. Freshers can also apply

Store keeper 6 Nos
+2. Experience hands will be given preference

Sales Executive - 40 Nos.
+2 and above, good communication skills, preference for experienced persons

House keeping staff- 8 Nos
Must know how to maintain the workplace effectively so that workplace hazards can be eliminated or controlled

Billing Executive- 10 Nos
B.Com/BBA

Security staff- 4 Nos
Ex-servicemen preferred. Ability for patrolling, securing and monitoring premises

Cook (Female) - 2 Nos
Experienced hands preferred

Attractive salary offered and Hostel facility available.
Venue: Tile Zone Forum, Trichambaram, Taliparamba, Kannur
Date: 09/09/2018 (Sunday) Timing: 10am - 4pm
Those who are unable to attend the interview may send their detailed Bio-Data.
E-mail:hrtilezoneforum@gmail.com, tilezoneforum@gmail.com
Call: 0460 2209964, 8139 022 322

Our Branches
KANNUR | IRITTY | TALIPARAMBA | PAYYANUR | KASARAGOD | BAHRAIN